# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1265 — 11.02.2016 ൽ - മറുപടിക്ക്

## റേഷൻ കാർഡ് പുതുക്കൽ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ബാബു എം. പാലിശ്ശേരി : | | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) | |
| (എ) | റേഷൻ കാർഡ് പുതുക്കുന്ന പ്രക്രിയ അനിശ്ചിതമായി നീണ്ടു പോകുന്നതു കാരണം താലൂക്ക് സപ്ലൈ ഓഫീസുകളിൽ നിന്നും നിലവിലുളള കാർഡുകളിൽ പേരു കൂട്ടി ചേർക്കുന്നതിനും പുതിയ വീട്ടുടമസ്ഥർക്ക് കാർഡ് അനുവദിച്ചു കിട്ടുന്നതിനും സാധിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | അനിശ്ചിതമായി നീണ്ടുപോകുന്നില്ല. പുതിയ കാർഡുകൾ കൃത്യതയോടെ ഗുണഭോക്താവിന് ലഭ്യമാക്കാനുളള സമയം മാത്രമാണ് എടുക്കുന്നത്. |
| (ബി) | ഇതിനാവശ്യമായ നടപടി സ്വീകരിക്കുവാൻ സപ്ലൈ ആഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ? | (ബി) | പുതിയ കാർഡ് വേണ്ടവർക്കും/പുതിയ വീട്ടുടമസ്ഥർക്കും ആവശ്യമായ ഘട്ടങ്ങളിൽ താൽക്കാലിക കാർഡുകൾ നൽകാൻ താലൂക്ക്/സിറ്റി റേഷനിംഗ് സപ്ലൈ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇപ്പോൾ നിലവിലുളള റേഷൻ കാർഡിൽ ഗുണഭോക്താവിന് റേഷൻ ഉൾപ്പെടെ എല്ലാ ആനുകൂല്യവും ലഭിക്കും. പുതിയ കാർഡ് ലഭിക്കുന്നത് വരെ ഇപ്പോഴുളള കാർഡ് ഉപയോഗിക്കാം. അതിനാൽ പൊതുജനങ്ങൾക്ക് മറ്റ് ബുദ്ധിമുട്ടുകൾ ഉണ്ടാവുന്നില്ല. |

Thulasi

*സെക്ഷൻ ഓഫീസർ*